**രെജിസ്റ്റേഡ് (എ.ഡി സഹിതം)**

# ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം

**വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035**
**ഫോൺ: 0471 2302490 വെബ്സൈറ്റ്: www.dhs.kerala.gov.in**
**ഇ-മെയിൽ: dhskerala@gmail.com, dhskerala.hlth@kerala.gov.in**

---

നം: **DHS/14521/2026-EA3** തീയതി: 06-08-2026

## കാരണം കാണിക്കൽ നോട്ടീസ്

(1) ഡോ.അഞ്ജും ഹുസൈൻ കെ ടി (Dr.Anjum Hussain K T) എന്ന താങ്കൾ കോഴിക്കോട് കുന്നമ്മൽ കുടുംബാരോഗ്യകേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ 10.05.2024 FN ന് സേവനത്തിൽ പ്രവേശിച്ചു. തുടർന്ന് പിജി ഉപരിപഠനം തുടരുന്നതിനായി 10.05.2024 AN ന് സേവനത്തിൽ നിന്നും വിടുതൽ ചെയ്തിരുന്നു. എന്നാൽ താങ്കൾ 31.03.2025 തീയതി വരെയുള്ള പിജി ഉപരിപഠനത്തിനുശേഷം സേവനത്തിൽ തിരികെ പ്രവേശിച്ചിട്ടില്ല. താങ്കൾ പിജി കോഴ്സിന് ശേഷം സേവനത്തിൽ തിരികെ പ്രവേശിക്കാതെ സീനിയർ റെസിഡൻസി ചെയ്തിരുന്നു. പിജി കോഴ്സ് നുശേഷം സേവനത്തിൽ തിരികെ പ്രവേശിച്ച് NOC വാങ്ങിയതിനുശേഷമാണ് സീനിയർ റെസിഡൻസിക്കു പോകേണ്ടിയിരുന്നത്. എന്നാൽ താങ്കൾ പിജി കോഴ്സ് നുശേഷം സേവനത്തിൽ തിരികെ പ്രവേശിക്കാതെയാണ് സീനിയർ റെസിഡൻസി ചെയ്തത്. അതിനാൽ താങ്കൾ ക്രമപ്രകാരമല്ലാതെയാണ് സീനിയർ റെസിഡൻസി ചെയ്തിരിക്കുന്നത്.

(2) 10.05.2024ന് സേവനത്തിൽ പ്രവേശിച്ച് പിജി പഠനം തുടരുന്നതിനായി അന്ന് തന്നെ വിടുതൽ ചെയ്ത താങ്കൾ പ്രൊബേഷണർ ആണ്. പ്രൊബേഷൻ കാലാവധിയ്ക്കുള്ളിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നതിനാൽ താങ്കളുടെ വർക്ക് ആന്റ് കോണ്ടക്റ്റ് തൃപ്തികരമായി കാണക്കാക്കുന്നതിന് കഴിയുകയില്ല. ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആൻ്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പാർട്ട് 11 റൂൾ 19 (a) (ii) പ്രകാരം താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനും സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനും താത്കാലികമായി തീരുമാനിക്കുന്നു.

(3) ടി തീരുമാനത്തിനെതിരായി താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് നോട്ടീസ് ലഭിച്ച് 15 (പതിനഞ്ച്) ദിവസത്തിനകം രേഖാമൂലം ബോധിപ്പി ക്കേണ്ടതാണ്. ടി വിഷയത്തിൽ താങ്കളെ നേരിട്ട് കേൾക്കണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ ആയത് നോട്ടീസിനുള്ള മറുപടിയിൽ വ്യക്തമാക്കിയിരിക്കേ ണ്ടതാണ്. തൽസംബന്ധമായ വിശദീകരണം ടി കാലയളവിനുള്ളിൽ ലഭ്യമാക്കാത്തപക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Digitally signed by
Meenakshy V
Date: 06-08-2026
08:46:38

**ആരോഗ്യ വകുപ്പ് ഡയറക്ടർ**

**സ്വീകർത്താവ്:**

1. Dr.Anjum Hussain K T
   Kadekkathodika, Omassery,
   Kozhikode PIN: 673582
   (രണ്ടു പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. ഒരു പകർപ്പ് താങ്കളുടെ തീയതിയോടു കൂടിയ ഒപ്പ് രേഖപ്പെടുത്തി തിരികെ ലഭ്യമാക്കേണ്ടതാണ്)

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കോഴിക്കോട്
3. മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യകേന്ദ്രം, കുന്നമ്മൽ, കോഴിക്കോട് (ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തിരം)
4. ഫയൽ/ കരുതൽ ഫയൽ